**പതിനാലാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.951 06.06.2018 ന് മറുപടിയ്ക്ക്.

## വനപരിപാലനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനപരിപാലനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന് വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കൈയ്യേറ്റത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നു.<br>• വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനാതിർത്തിക്കുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.<br>• കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.<br>• പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടേയും, ചോലവനങ്ങളുടേയും, തണ്ണീർത്തടങ്ങളുടേയും, കണ്ടൽക്കാടുകളുടേയും, മറ്റ് സ്വാഭാവിക |

വനങ്ങളുടേയും, ശോഷിച്ച വനങ്ങളുടേയും വനവൽക്കരണവും സംരക്ഷണവും നടപ്പിലാക്കി വരുന്നു.

- വന്യജീവി സങ്കേതങ്ങൾ ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ കമ്മ്യൂണിറ്റി റിസർവ്വ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസവ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്രസഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി വനസംരക്ഷണ സമിതികളിലെയും ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റികളിലെയും വനാശ്രിത കുടുംബങ്ങളെ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കി അതുവഴി അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു.
- ഗ്രീൻ ഇന്ത്യാമിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാൻസ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരതണൽ പദ്ധതിയും, വനദീപ്തി പദ്ധതിയും, കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും, സ്വകാര്യസ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.
- നിലവിലുള്ള ഫലനമര തോട്ടങ്ങളുടേയും

| | |
|---|---|
| | വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങളുടേയും പരിപാലനം നടപ്പാക്കുന്നു. |
| (ബി) സംസ്ഥാനത്തെ കാട്ടുകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പി-ക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ സ്വീകരിച്ച് വരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ജലസ്രോതസ്സുകൾ (Waterhole/ Vayals/Waterspread areas) നവീകരിക്കുകയും, ചതുപ്പ് പ്രദേശങ്ങളിൽ (Vayals) ചെടികൾ നട്ട് ബലപ്പെടുത്തുകയും, വനത്തിനുള്ളിൽ നിർമ്മിച്ചിട്ടുള്ള ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കൂടാതെ താല്ക്കാലിക തടയണകൾ നിർമ്മിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ